# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 760 08.03.2012 - ൽ മറുപടിക്ക്

## കരിമ്പുഴ പഞ്ചായത്ത് ശുദ്ധജലവിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കരിമ്പുഴ പഞ്ചായത്ത് ശുദ്ധജലവിതരണ പദ്ധതിയുടെ കാലിക സ്ഥിതി വിശദമാക്കാമോ ; | (എ) കരിമ്പുഴ പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയ്ക്ക് സ്പാൻ പദ്ധതിയിയിൽ ഉൾപ്പെടുത്തി 05.08.2008 ൽ 1267.93 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി ആകെ മൂന്ന് പാക്കേജുകളായിട്ടാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇതിൽ രണ്ടാമത്തെ പാക്കേജായ മേഖല ഒന്നിലേയ്ക്കുള്ള ജലവിതരണശൃംഖലയുടെ പ്രവൃത്തിയും മൂന്നാമത്തെ പാക്കേജായ മേഖല രണ്ടിലേക്കുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തിയും പൂർത്തിയാക്കി. ഒന്നാമത്തെ പാക്കേജിൽ ഉൾപ്പെട്ട നാല് എം.എൽ.ഡി ജല ശുദ്ധീകരണ ശാല, ക്ലിയർ വാട്ടർ സമ്പ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, ഫുട്ട് ബ്രിഡ്ജ്, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ ഉൾപ്പെട്ട ദർഘാസിന് അംഗീകാരം നൽകുകയും, കോൺട്രാക്ടർ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പാക്കേജ് പൂർത്തിയാക്കി, ജനുവരി 2013-ഓടെ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) നിലവിൽ പ്രവൃത്തി നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത് ; | (ബി) നിലവിൽ പാക്കേജ് ഒന്നിന്റെ ഭാഗമായുള്ള റോവാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നു വരുന്നു. ജലശുദ്ധീകരണശാലയുടെ ഡിസൈന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ അംഗീകരിച്ചോ;<br>(ഡി) എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദീകരിക്കാമോ ? | (സി) & (ഡി) പ്രസ്തുത പദ്ധതി മൂന്ന് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. അതിൽ രണ്ടും മൂന്നും പാക്കേജുകൾക്ക് നേരത്തെ തന്നെ അംഗീകാരം നൽകുകയും അവയുടെ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു കഴിഞ്ഞു.<br>ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടറിന് 2011 നവംബറിൽ അംഗീകാരം നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ